KINFRA/PCP/AUCTION/04/2021-22
തിയ്യതി : 29.11.2021

## ദർഘാസ് പരസ്യം

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിൽ കിൻഫ്രയുടെ അധീനതയിൽ ഉള്ള കിൻഫ്ര പെട്രോകെമിക്കൽ പാർക്കിലെ സ്ഥലത്ത് നിൽക്കുന്ന 1716 മരങ്ങൾ വില്പന ചെയ്തു മുറിച്ചു നീക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ കിൻഫ്രയുടെ കോമ്പൗണ്ടിൽ നിന്നും ഇവ വില്പന ചെയ്തു മുറിച്ചു നീക്കുന്നതിനുവേണ്ടി പരസ്യ ലേലം/മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു.

ദർഘാസ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| ക്രമ നമ്പർ | അടിസ്ഥാന വില | നിരത ദ്രവ്യ തുക | ദർഘാസ് ഫോറത്തിന്റെ തുക നികുതി അടക്കം |
|---|---|---|---|
| 1. | Rs. 26,52,328/- | Rs. 39,782/- | Rs. 2,950/- |

ദർഘാസ് /ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ നിർദിഷ്ട ഫോറത്തിനായി കിൻഫ്രയുടെ കളമശ്ശേരിയുള്ള ഓഫീസിൽ 29/11/2021 രാവിലെ 10 മണി മുതൽ 8/12/2021 വൈകിട്ട് 5 മണി വരെ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ അപേക്ഷയോടൊപ്പം ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖയും, മാനേജിങ് ഡയറക്ടർ, കിൻഫ്രയുടെ പേരിലുള്ള 2,950/- രൂപയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റും (മടക്കി നൽകാത്ത തുക ) നൽകി, നിർദ്ദിഷ്ട ദർഘാസ് ഫോറം വാങ്ങാവുന്നതാണ്.

ശരിയായി പൂരിപ്പിച്ചു മുദ്രവച്ച ദർഘാസുകൾ 39,782/- രൂപയുടെ നിരതദ്രവ്യത്തോടൊപ്പം (EMD) “The Managing Director, KINFRA” എന്ന മേൽവിലാസത്തിൽ 09/12/2021 ന് ഉച്ചയ്ക്ക് 1.00 മണിക് മുമ്പായി കിൻഫ്രയുടെ കളമശ്ശേരിയുള്ള ഹൈടെക് പാർക്ക് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ടെൻഡർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

ദർഘാസ് ഫോറത്തിന്റെ വിലയും നിരതദ്രവ്യ തുകയും തിരുവനന്തപുരത്തു മാറാവുന്ന നാഷണലൈസ്ഡ് അഥവാ ഷെഡ്യൂൾഡ് ബാങ്ക് വഴി എടുത്ത മാനേജിങ് ഡയറക്ടർ, കിൻഫ്രയുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ആയി വേണം സമർപ്പിക്കേണ്ടത്. നിർദിഷ്ട സമയത്തിനു ശേഷം ലഭിക്കുന്നതും മതിയായ നിരതദ്രവ്യം സമർപ്പിക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല

ദർഘാസ് സമർപ്പിച്ചിട്ടുള്ള വ്യക്തികളെ ഉൾപ്പെടുത്തി 9/12/2021 നു വൈകുന്നേരം 3.00 മണിക് കിൻഫ്രയുടെ കളമശ്ശേരിയുള്ള ഓഫീസിൽ ലേലം നടത്തുന്നതാണ്. അതിനുശേഷം ടെൻഡറുകൾ തുറക്കുകയും ടെൻഡറിലോ പരസ്യ ലേലത്തിലോ, ഉയർന്ന തുക രേഖപെടുത്തുന്നയാൾക്ക് സ്ഥാപന മേലധികാരിക്ക് യുക്തമെന്നു ബോധ്യപ്പെടുന്ന പക്ഷവും ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

ടെൻഡർ/ലേലം ഉറപ്പിച്ചതിനുശേഷം പിന്മാറുന്ന പക്ഷം കെട്ടി വച്ച തുക തിരിച്ചു കിട്ടുന്നതല്ല. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു / എല്ലാ ദർഘാസുകളും നിരസിക്കുവാനുള്ള അധികാരം മാനേജിങ് ഡയറക്ടർ / ചുമതലപെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

കരാറുകാരൻ കരാർ ജോലികൾ 21 ദിവസത്തിനകം പൂർണ്ണമായും പൂർത്തിയാക്കേണ്ടതാണ്

ഒപ്പ് /-

**മാനേജിങ് ഡയറക്ടർ**
കിൻഫ്ര
ശാസ്തമംഗലം, തിരുവനന്തപുരം